

ഫോക്കസ്

ഫാ. ഡോ.കെ.എം. ജോർജ്

# കൊടിയേറ്റവും കൊടിയിറക്കവും പിന്നെയൊരു മൗനവും

ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്ന ഉന്നത മതനേതാക്കളിൽ, മനുഷ്യർക്ക് ഭാവിയെക്കുറിച്ച് പ്രത്യാശയും പുതിയൊരു ലോകക്രമത്തെക്കുറിച്ച് ദർശനവും നല്കുന്നവരാണ് ഫ്രാൻസീസ് പാപ്പയും ദലൈലാമയും. എല്ലാ അതിരുകളെയും ഭേദിക്കുന്ന ഇവരുടെ കരുണാർദ്രമായ ലോകവീക്ഷണവും ജീവനോടുള്ള ആദരവും മുൻനിർത്തി ആത്മീയതയെക്കുറിച്ചുള്ള ചിന്തകൾ.

എല്ലാം അടച്ചുകെട്ടിയ കൊറോണക്കാലത്ത് ചില പത്രങ്ങളിൽ വന്നുകൊണ്ടിരുന്ന ഒരു വാർത്തയുണ്ടായിരുന്നു. പ്രശസ്തമായ ചില ക്ഷേത്രങ്ങളിലെയും ക്രിസ്ത്യൻ പള്ളികളിലെയും ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവകളോട് അനുബന്ധിച്ച 'കൊടിയേറ്റവും കൊടിയിറക്കവും' (പൂർവാധികം ഭംഗിയായി) നടന്നതിന്റെ ചിത്രങ്ങൾ സഹിതമുള്ള വാർത്ത. ഈ മഹാസംഭവങ്ങൾക്കിടയിൽ എന്താണുണ്ടായത് എന്നു ചോദിച്ചാൽ ഒറ്റവാക്കിൽ ഉത്തരം: "ചടങ്ങുമാത്രം". പിന്നെയൊരു ദീർഘമായ മൗനവും!

ഒരിക്കൽ ആഘോഷങ്ങളുടെ ആരവങ്ങൾകൊണ്ടു നിറച്ചിരുന്ന അത്തരം ഇടവേളകളിൽ മൃദുമന്ത്രണങ്ങളുയർത്തിയ മഹാമൗനത്തിന്റെ അടിവേരുകളിൽ എവിടെയോ ഒരു പുതിയ ആധ്യാത്മികതയുടെ പൊടിപ്പുകളുണ്ട്. മനുഷ്യഭാവിയെക്കുറിച്ചുള്ള ഏതു മനനങ്ങളിലും സുപ്രധാനമായ ഒന്നാണ് മൗനത്തിന്റെ മൂലത്തിലെ മുളകൾ.



ആഗോളതലത്തിൽ തികച്ചും ആകസ്മികമായി അരങ്ങേറിയ ദുരന്തനാടകത്തിന്റെ അന്ത്യത്തിൽ നമ്മുടെ ലോകത്തിന് മൗലികമായ മാറ്റങ്ങൾ വരുമെന്ന് അല്ലെങ്കിൽ വരുത്തണമെന്ന് ചിന്തിക്കുന്ന കുറെ ആളുകളുണ്ട്. അതിവിസ്മയം, അനിശ്ചിതത്വം, ഇപ്പോഴത്തെ ലോകവ്യവസ്ഥയുടെ അർത്ഥശൂന്യത, പുതിയൊരു അസ്തിത്വാവബോധം, ലോകത്തിനൊരു നവീനക്രമത്തെക്കുറിച്ചുള്ള ശുഭപ്രതീക്ഷ, മാറ്റങ്ങൾ സ്വീകരിക്കാനുള്ള സന്നദ്ധത, ദുരിതങ്ങൾക്ക് ഇരയായവരോടുള്ള സഹാനുഭൂതി എന്നിവയൊക്കെ അവരിൽ പ്രകടമാണ്.

എന്നാൽ ഇതൊന്നും പൊടിപോലും ഏശാതെ, അപകടകരമായ ആത്മവിശ്വാസത്തോടെ പഴയ ട്രമ്പറററുകൾ മുഴക്കുന്ന പ്രസിഡന്റ് ട്രമ്പിനെപ്പോലെയുള്ളവരാണ് നേതൃസ്ഥാനങ്ങളിൽ അധികവും.

അവരിൽനിന്ന് തികച്ചും വ്യത്യസ്തനായി ലോകശ്രദ്ധ ആകർഷിക്കുന്ന സമുന്നത വ്യക്തിയാണ് ഫ്രാൻസിസ് മാർപ്പാപ്പാ. മുകളിൽ പറഞ്ഞ കാര്യങ്ങൾ നന്നായി ബാധിച്ചിട്ടുള്ള ചിന്തിക്കുന്ന മനുഷ്യരുടെ പ്രതിനിധിയാണ് അദ്ദേഹം. ഇവരെ രണ്ടുപേരെയും മാത്രം എടുത്തുപറയുന്നത് ക്ഷമിക്കണം. പരമ്പരാഗതമായി ഈ രണ്ടു സ്ഥാനികളും നിർവഹിക്കുന്ന രണ്ടു നടപടികൾ മാത്രം മതി ചില കാര്യങ്ങൾ മനസ്സിലാക്കാൻ. (മൂന്നാമതൊരാളെ കൂടി വഴിയെ പരാമർശിക്കുന്നുണ്ട്).

അമേരിക്കൻ പ്രസിഡന്റുമാർ നിർവഹിച്ചുവരുന്നതും, അമേരിക്കൻ ഭരണഘടന അനുശാസിക്കുന്നതുമായ ഒന്നാണ് State of the Union Address എന്ന വാർഷിക പ്രസംഗം. മാർപ്പാപ്പാമാർ ഏതാണ്ട് 700 വർഷങ്ങളായി സുപ്രധാന അവസരങ്ങളിൽ നിർവഹിക്കുന്ന ആശീർവാദവും സന്ദേശവുമാണ് Urbi et Orbi (നഗരത്തിനും ലോകത്തിനും).

പ്രസിഡന്റ് ട്രമ്പ് കഴിഞ്ഞ ഫെബ്രുവരി 4-ന് നടത്തിയ സ്റ്റേറ്റ് ഓഫ് ദി യൂണിയൻ പ്രഭാഷണത്തിന്റെ പ്രധാന പ്രമേയം 'മഹത്തായ അമേരിക്കൻ തിരിച്ചുവരവ്' എന്നതായിരുന്നു. അമേരിക്കൻ ഐക്യനാടുകളുടെ അവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തലും, ഭരിക്കുന്ന സർക്കാരിന്റെ നേട്ടങ്ങളും ഭാവിയെകുറിച്ചുള്ള സ്വപ്നങ്ങളുമൊക്കെയാണ് പൊതുവേ വികാരനിർഭരമായ ഈ ഔപചാരിക പ്രസംഗങ്ങളിൽ വരുന്നത്. എന്നാൽ സ്വാഭാവികമായും അതതു കാലത്തെ ലോകത്തെ മുഴുവൻ മനസ്സിൽകണ്ടും വിലയിരുത്തിയുമാണ് പ്രസംഗം പുരോഗമിക്കുന്നത്. ഇതിന്റെ പുറകിലുള്ള നിശ്ശബ്ദ ധാരണയനുസരിച്ച് അമേരിക്കയാണ് ലോകത്തിന്റെ തലസ്ഥാനവും ലോകത്തിന്റെ ഭാവി നിർണയിക്കുന്നതും ലോകമെന്ന മഹാസാമ്രാജ്യത്തിന്റെ നടത്തിപ്പുകാരനും ന്യായാധിപനും രക്ഷകനുമാണ് അമേരിക്കയുടെ പ്രസിഡന്റ്. അദ്ദേഹം ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് (മിശിഹാ). അദ്ദേഹം നിശ്ചയിക്കുകയും നിർദേശിക്കുകയും ചെയ്യുന്ന നയപരിപാടികളും സാമ്പത്തികക്രമവും സാംസ്കാരിക ദർശനവും ലോകത്തിനു മുഴുവൻ വേണ്ടിയാണ്. അത് സ്വീകരിക്കുന്നവർ അമേരിക്കയുടെ സുഹൃത്തുക്കളും അമേരിക്കയുടെ സംരക്ഷണത്തിന് അർഹരുമായിരിക്കും. അതിനെ എതിർക്കുകയോ അവഗണിക്കുകയോ ചെയ്യുന്നവർ സൂക്ഷിക്കണം. അവർ തിന്മയുടെ മുതൽപ്പിടിക്കാരാണ്. അവരെ നല്ല പാഠം പഠിപ്പിക്കാനോ തുടച്ചുനീക്കാനോ അമേരിക്കൻ പ്രസിഡന്റിനു കഴിയും. എപ്പോഴും അമേരിക്കൻ രാഷ്ട്രത്തിന്റെ അഭിമാനവും അഹങ്കാരവും വിജയഭാവവും അത്യുന്നത സ്ഥാനബോധവും ഊതിവീർപ്പിക്കുന്ന പ്രസംഗമായിരിക്കും. ഇപ്രാവശ്യം പ്രസിഡന്റ് ട്രമ്പിന്റെ പ്രസംഗം ഉപസംഹരിക്കുമ്പോൾ ഉപയോഗിച്ച വാചകം ഉദ്ധരിക്കട്ടെ:

"ദൈവത്തിനു കീഴിൽ, അമേരിക്ക എന്ന ഏക രാഷ്ട്രം ലോകത്തിലെ സകലരാഷ്ട്രങ്ങളുടെയും പ്രത്യാശയും വാഗ്ദാനവും പ്രകാശവും മഹത്ത്വവുമായിരിക്കണം"

അങ്ങനെയാവുമ്പോൾ അമേരിക്കൻ പ്രസിഡന്റിന്റെ മിശിഹാ സ്ഥാനത്തിനു അർത്ഥം വ്യക്തമാകുമല്ലോ.

ഇറ്റലിയിലും പൊതുവേ യൂറോപ്പിലും വിശാലമായ ലോകത്തിലും നിറഞ്ഞുനില്ക്കുന്ന മരണഭയത്തെ കണക്കിലെടുത്താണ് ഫ്രാൻസിസ് മാർപ്പാപ്പാ തന്റെ ആശീർവാദ പ്രസംഗം നടത്തിയത്. ഇളകിമറിയുന്ന കടലിൽ, ഉലഞ്ഞ് മുങ്ങാൻ പോകുന്ന തങ്ങളുടെ പടകിൽ ശാന്തമായി ഉറങ്ങുന്ന യേശുവിനെ മരണഭീതിയോടെ ശിഷ്യന്മാർ വിളിച്ചുണർത്തുന്ന രംഗമാണ് സുവിശേഷത്തിൽനിന്നു മാർപ്പാപ്പാ ഉദ്ധരിച്ചത് (മർക്കോസ് 4:53-41). യേശു എഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെ അവിശ്വാസത്തെ ശാസിക്കുകയും കടലിനെ ശാന്തമാക്കുകയും ചെയ്യുന്നു. കോവിഡ് - 19 വ്യാപനംമൂലം മഹാവ്യഥയിലായ ലോകത്തെ പ്രക്ഷുബ്ധമായ കടലിനോടാണ് അദ്ദേഹം ഉപമിച്ചത്. സന്ദേശത്തിന്റെ ചുരുക്കം: മനുഷ്യന്റെ അതിരുകടന്ന ആത്മവിശ്വാസത്തിന്റെയും അഹന്തയുടെയും നിറപ്പകിട്ടാർന്ന എടുപ്പുകൾ തകർന്നുവീണു. അപ്പോൾ തെളിഞ്ഞത് ഒന്നുമാത്രം. നാമെല്ലാം സഹോദരീസഹോദരന്മാരാണ്. തലതെറിപ്പിക്കുന്ന വേഗതയിലാണ് നാമെല്ലാം പൊയ്ക്കൊണ്ടിരുന്നത്. യുദ്ധങ്ങളും അനീതിയും പാവങ്ങളുടെ നിലവിളിയും അവശയായ നമ്മുടെ ഭൂമിയുടെ ഞരക്കങ്ങളും നാം അവഗണിച്ചു. രോഗാതുരമായ ഒരു ലോകത്തിൽ നമുക്ക് ആരോഗ്യത്തോടെ ജീവിക്കാമെന്ന് ധരിച്ചുവച്ചു. എല്ലാം ഇളകിമറിയുന്ന സാഹചര്യത്തിൽ നമുക്ക് ശക്തിയും താങ്ങും അർത്ഥബോധവും നല്കുന്ന പ്രത്യാശയും ഐക്യദാർഢ്യവും നാം ഉണർത്തിയെടുക്കണം. ഇത് സർവേശ്വരന്റെ ശക്തിയാണ്. നമുക്ക് സംഭവിക്കുന്ന ദുരന്താനുഭവങ്ങളെയും നമ്മുടെ നന്മയ്ക്കായി രൂപാന്തരപ്പെടുത്തുന്ന ദിവ്യശക്തി. ഇതൊരു വലിയ തിരഞ്ഞെടുപ്പിന്റെ സമയമാണ്. ക്ഷണികമായതും നിലനില്ക്കുന്നതും തമ്മിൽ വേർതിരിച്ച് നമുക്ക് ആവശ്യമില്ലാത്തതിനെ തിരസ്കരിച്ച് ആവശ്യമുള്ളത് മാത്രം സ്വീകരിക്കുന്ന തിരഞ്ഞെടുപ്പ്.

ആഗോളതലത്തിൽ മനുഷ്യരാശിക്ക് മുൻപെങ്ങും ഉണ്ടാകാത്ത ഒരു മഹാപ്ര



തിസന്ധിയിൽ, വിവിധ മാധ്യമങ്ങളിലൂടെ ലോകം ശ്രദ്ധിക്കുന്ന രണ്ടു നേതാക്കളുടെ സന്ദേശങ്ങൾ തമ്മിലുള്ള അന്തരം എത്ര വലുതാണ്!

ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്ന ഉന്നത മതനേതാക്കളിൽ, മനുഷ്യർക്ക് ഭാവിയെക്കുറിച്ച് പ്രത്യാശയും പുതിയൊരു ലോകക്രമത്തെക്കുറിച്ച് ദർശനവും നല്കുന്ന രണ്ടുപേരിൽ ഒരാളാണ് ഫ്രാൻസിസ് മാർപാപ്പാ (മറ്റേയാൾ ദലൈലാമ) എന്ന് അവരുടെ ഇതുവരെയുള്ള ജീവിതശൈലിയിൽനിന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്.

നമ്മുടെ ലോകത്തിൽ മനുഷ്യജീവിതത്തിനും ബോധത്തിനും പരിസ്ഥിതിക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥൂലവും സൂക്ഷ്മവുമായ വ്യതിയാനങ്ങളെക്കുറിച്ച് അതീവ ബോധവാന്മാരാണ് രണ്ടുപേരും. ആർദ്രകരുണ (compassion) എന്നുവിളിക്കാവുന്ന കാഴ്ചപ്പാടിലൂടെ ലോകയാഥാർത്ഥ്യത്തെയും മനുഷ്യരുടെയും ഇതരജീവികളെയും ആദരവോടേയും അനുകമ്പയോടെയും വീക്ഷിക്കാൻ ശ്രമിക്കുന്നവരാണ് രണ്ടുപേരും. അവരവരുടെ ഗുരുക്കന്മാരിൽനിന്ന് കിട്ടിയ പൈതൃകഗുണമാണത് - ഒരാൾക്ക് ക്രിസ്തുവിൽ നിന്നും മറ്റേയാൾക്ക് ബുദ്ധനിൽ നിന്നും. നമ്മുടെ ലോകത്തിന്റെ സുസ്ഥിതിക്ക് ഇതിലപ്പുറം അനുപേക്ഷണീയമായ മറ്റൊരു മനോഭാവവും നിലപാടുമില്ല.

ഫ്രാൻസിസ് മാർപ്പാപ്പായും ദലൈലാമയും ആധ്യാത്മികമായും ഭൗതികമായും പ്രവാസജീവിതം നയിക്കുന്നവരാണ്. തങ്ങൾ ഇവിടെ പരദേശികളും തീർത്ഥാടകരുമാണെന്ന ബോധം രണ്ടുപേർക്കുമുണ്ട്. ഫ്രാൻസിസ് പാപ്പാ വത്തിക്കാൻ രാജ്യത്തിന്റെ ഭൗതിക ഭരണകർത്താവാണെങ്കിലും, പതിമൂന്നാം നൂറ്റാണ്ടിൽ യൂറോപ്പിന് ദിശാബോധവും പ്രകാശവും നല്കിയ അസ്സീസിയിലെ സ്വയം നിസ്വനായ വിശുദ്ധ ഫ്രാൻസിസിന്റെ പേര് സ്വീകരിക്കയും, മാർപ്പാപ്പാമാർ പരമ്പരാഗതമായി താമസിക്കുന്ന വത്തിക്കാൻ കൊട്ടാരത്തിൽനിന്ന് വിട്ട്, ഒരു അതിഥിമന്ദിരത്തിൽ മറ്റുള്ളവരോടൊപ്പം താമസമാക്കുകയും ചെയ്തു. സത്രത്തിൽ താമസിക്കുന്നവൻ വഴിപോക്കനാണ്. താത്ക്കാലികമായ ഒരു പാർപ്പിടമേ ഈ ഭൂമിയിലുള്ളൂ എന്നു വിശ്വസിക്കുന്ന ഫ്രാൻസിസ് പാപ്പാ തന്റെ ജീവിതവും ഇടപെടലുകളും അങ്ങനെ ഒരു പ്രവാസിയുടേതുപോലെ രൂപാന്തരപ്പെടുത്തി. ദലൈലാമ ടിബറ്റൻ ജനതയുടെ ആധ്യാത്മിക പരമാചാര്യനും ഭൗതിക ഭരണകർത്താവും (ചൈനീസ് അധിനിവേശം തുടങ്ങുന്നതുവരെ) ആണെങ്കിലും ഇന്ത്യയിൽ പ്രവാസിയാകാൻ നിർബന്ധിതനായി. എന്നാൽ ആധ്യാത്മികമായി അദ്ദേഹം സ്വയം പ്രവാസിയും തീർത്ഥാടകനുമെന്ന മനോഭാവം സ്വീകരിച്ചിട്ടുണ്ടെന്ന് നമുക്ക് വ്യക്തമാണ്.

സ്വയം നോക്കി ചിരിക്കാൻ കഴിയുന്നവരാണ് ദലൈലാമയും ഫ്രാൻസിസ് പാപ്പായും. രണ്ടുപേർക്കും പാരമ്പര്യത്തിന്റെ



ദലൈലാമ



ഫ്രാൻസിസ് മാർപ്പാപ്പാ

മഹാമാറാപ്പുകൾ പുറത്തുണ്ട്. ദലൈലാമയെ ദേവതുല്യനായാണ് ടിബറ്റൻ ജനത കാണുന്നത്. ഗുരുസാഗരമാണ്. വാക്കിനർത്ഥം അതാണ്. സമുദ്രതുല്യനായ ആചാര്യൻ തെറ്റികൂടായ്മയുണ്ട്. പാപ്പാ ഫ്രാൻസിസിനുമുണ്ട് പല സ്ഥാനവിശേഷണങ്ങളും അപ്രമാദിത്വത്തിന്റെ കനത്ത ഭാണ്ഡവും. എങ്കിലും തെളിഞ്ഞ നർമബോധത്തോടെ രണ്ടുപേരും നന്നായി ചിരിക്കയും തങ്ങൾ വളരെ കുറവുള്ളവരും ഇടയ്ക്കിടെ തെറ്റിപ്പോകുന്നവരും മറ്റുള്ളവരുടെ സഹായവും പ്രാർത്ഥനയും എപ്പോഴും ആവശ്യമുള്ളവരും ആണെന്ന് പരസ്യമായി ഏറ്റുപറയുകയും ചെയ്യുന്നവരാണ്. മാറാപ്പുകൾ അഴിച്ചുവച്ച് ഭാരരഹിതരായി സഞ്ചരിക്കാൻ രണ്ടുപേർക്കും കഴിയും. ആത്മഹാസ്യത്തിന്റെ ആധ്യാത്മികതയ്ക്ക് എല്ലാക്കാലത്തും ഒരു വിഗ്രഹഭഞ്ജകത്വഭാവമുണ്ട് എന്ന് ദലൈലാമയും ഫ്രാൻസിസ് പാപ്പായും സൂചിപ്പിക്കുന്നു. അവരെ ആർക്കും വിഗ്രഹങ്ങളാക്കാനാവില്ല. അവർ തന്നെ അതുടച്ച് കളയും. ഇതൊരു വിനയമാണ് - മനുഷ്യനു മുൻപിൽ, മറ്റു ജീവജാലങ്ങൾക്കു മുൻപിൽ, പ്രപഞ്ചമെന്ന മഹാസമസ്യയ്ക്ക് മുൻപിൽ.

കൊറോണയുടെ തേർവാഴ്ച കഴിഞ്ഞു കിട്ടിയാൽ പഴയ കൊട്ടുംകുരവയും ആനയും അമ്പാരിയുമായി പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് അടിവച്ചടിവച്ച് കയറാമെന്നാണ് രാഷ്ട്രീയനേതാക്കളും ഒട്ടൊക്കെ മറ്റു നേതാക്കളും ചിന്തിക്കുന്നതെന്ന് തോന്നുന്നു. പഴയതിലേക്ക് നമുക്കു പോകാമായിരിക്കും. പക്ഷേ, പുതിയ വൈറസുകൾ, കൂടുതൽ പ്രഹരശേഷിയുള്ളവ, എപ്പോഴാണ് മാനത്തുനിന്ന് പൊട്ടിവീഴുന്നത് എന്നു നമുക്ക് ഒട്ടുമേ അറിഞ്ഞുകൂടാ. അറിവുള്ളവർ പറയുന്നത് പരിസ്ഥിതിയുടെ മാറ്റവും (ഉദാ: ആഗോളതാപനം) പുതിയ വൈറസുകളുടെ തിരനോട്ടവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണ്. ഇപ്പോൾ ഉത്തരധ്രുവത്തിലും മറ്റും യുഗങ്ങളായി അടിഞ്ഞുകൂടിയ മഞ്ഞുരുകുന്നതുകൊണ്ട്, ലക്ഷോപലക്ഷം വർഷങ്ങൾക്കു മുൻപ് ചത്തടിഞ്ഞ മൃഗങ്ങളുടെ ജഡങ്ങളും പുതിയ ബാക്ടീരിയകളും മാരകമായ വൈറസുകളുമൊക്കെ നമ്മുടെ ജീവിതത്തിലേക്ക് വരുമെന്നും, അവ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമാണെന്നും കണക്കാക്കപ്പെടുന്നു. ഇത്തരം ആകസ്മികത കണക്കിലെടുത്ത് തീർത്തും പുതിയ ഒരു ജീവിതശൈലി നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ദലൈലാമയുടെയും ഫ്രാൻസിസ് പാപ്പായുടെയും ജീവിതദർശനം ചുരുക്കിപ്പറഞ്ഞാൽ, നാലു തത്ത്വങ്ങൾ സുപ്രധാനമാണ് എന്നു തോന്നുന്നു:

1. എല്ലാ അതിരുകളെയും ഭേദിക്കുന്ന കരുണാർദ്രമായ ലോകവീക്ഷണവും ജീവനോടുള്ള ആദരവും.
2. മനുഷ്യർക്കും ഭൂമിക്കും ജീവജാലങ്ങൾക്കും സംഭവിക്കുന്ന മാറ്റങ്ങളുടെ സൂക്ഷ്മ സൂചിക തിരിച്ചറിയുന്ന പ്രകാശിതമായ ബോധം.
3. ആത്മഹാസ്യത്തിന്റെ വിനയാന്വിതമായ വിഗ്രഹഭഞ്ജനം
4. സത്രവാസത്തിലൂടെ ഭൂമിയിൽ നിരന്തരം പ്രവാസിബോധം നിലനിർത്തുന്ന തീർത്ഥാടനം

കഴിഞ്ഞ 500 വർഷങ്ങളായി കൊളോണിയൽ കീഴടക്കലിലൂടെ ഭൂമിയും ആകാശവും സമുദ്രത്തിന്റെ ആഴങ്ങളും വെട്ടിപ്പിടിക്കാൻ ശ്രമിച്ച ഒരു നാഗരികസംസ്കാരത്തിന്റെ കൊടിയേറ്റത്തിനും കൊടിയിറക്കത്തിനും ഇടയ്ക്കുള്ള ആർപ്പും തിമിർപ്പുമാണ് നമ്മുടെ ആധുനിക ചരിത്രം. ഇനി വേണ്ടത് സ്ഥൂലത്തിൽനിന്ന് സൂക്ഷ്മത്തിലേക്കുള്ള ഒരു നിശ്ശബ്ദതീർത്ഥാടനമാണ്.

ഒരുപക്ഷേ, പുതിയൊരു സന്ന്യാസപ്രസ്ഥാനം നമ്മുടെ ലോകത്തിൽ ഉരുത്തിരിയാനുള്ള സാഹചര്യവും സാധ്യതയുമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. വളരെ പുരാതനകാലത്ത് 2500 വർഷങ്ങൾക്കുമുമ്പ് ഏഷ്യയെ പ്രബുദ്ധമാക്കിയ ബൗദ്ധസന്ന്യാസസംസ്കാരവും പിന്നീട് 1000 വർഷങ്ങൾക്കുശേഷം യൂറോപ്പിനെ പ്രകാശിപ്പിച്ച, വിശുദ്ധ ബനഡിക്ടിൽ തുടങ്ങിയ സന്ന്യാസസംസ്കൃതിയുംപോലെ, മേൽ സൂചിപ്പിച്ച തത്ത്വങ്ങളെ അവതീർണമാക്കുന്ന ഒരു പുതിയ ആധ്യാത്മികാന്ദോളനം സംഭവിക്കാൻ കൊറോണ വൈറസ് ഒരുപക്ഷേ, കാരണമായേക്കും.

(തുടരും)